# പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:226 — 05/03/2012 - ൽ മറുപടിക്ക്

## മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.ബി. അബ്ദുൾ റസാക് | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിൽ എത്ര കിലോ മീറ്ററിൽ ആണ് പുതുതായി കടൽഭിത്തി നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ് മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം.<br>കാസർഗോഡ് താലൂക്കിൽ മുസോഡി കടപ്പുറത്ത് ചെ.7/400 കി.മി. മുതൽ 7/700 കി.മി. വരെ 300 മീ. നീളത്തിൽ കടൽ ഭിത്തി നിർമ്മാണം - അടങ്കൽ തുക 138.50 ലക്ഷം.<br>കാസർഗോഡ് താലൂക്കിൽ കുമ്പള പഞ്ചായത്തിൽ നാംഗി-കോപ്പാള കടപ്പുറത്ത് ചെ.22/655 കി.മി. മുതൽ 22/955 കി.മി. വരെ 300 മീ. നീളത്തിൽ കടൽഭിത്തി നിർമ്മാണം - അടങ്കൽ തുക 128.00 ലക്ഷം.<br>2012-13 വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി മൊത്തം 2466 ലക്ഷം രൂപാ ചെലവിൽ 5.15 കി.മി. നീളത്തിൽ കടൽഭിത്തി നിർമ്മാണത്തിനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്. |

പ്രൊപ്പോസലുകൾ താഴെ പറയുന്നവയാണ്.

1. കാസർഗോഡ് താലൂക്കിൽ മംഗൽപ്പാടി ഗ്രാമപഞ്ചായത്തിൽ മൂസോഡി കടപ്പുറത്ത് ചെയിനേജ് 7/700 കി.മീറ്ററിനും 8/500 കി.മീറ്ററിനും ഇടയിൽ 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം - അടങ്കൽ തുക 275.00 ലക്ഷം.
2. കാസർഗോഡ് താലൂക്കിൽ മംഗൽപ്പാടി ഗ്രാമപഞ്ചായത്തിൽ മണിമുണ്ട കടപ്പുറത്ത് ചെ.9/900 കി.മി. മുതൽ 12/350 കി.മി. വരെ 2450 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം - അടങ്കൽ തുക 1147.00 ലക്ഷം.
3. കാസർഗോഡ് താലൂക്കിൽ മംഗൽപ്പാടി ഗ്രാമപഞ്ചായത്തിൽ ഉപ്പള ബെരിക്കയിൽ ചെ.14/400 കി.മി. മുതൽ 15/400 കി.മി. വരെ 1000 മീ. നീളത്തിൽ കടൽഭിത്തി നിർമ്മാണം - അടങ്കൽ തുക 480.00 ലക്ഷം.
4. കാസർഗോഡ് താലൂക്കിൽ കുമ്പള ഗ്രാമപഞ്ചായത്തിൽ നാംഗി കോപ്പാള കടപ്പുറത്ത് ചെ.22/955 കിമി മുതൽ 24/155 കി.മി. വരെ 1200 മീ. നീളത്തിൽ കടൽഭിത്തി നിർമ്മാണം - അടങ്കൽ തുക 564.00 ലക്ഷം.

കൂടാതെ കാസർഗോഡ് താലൂക്കിലെ ഷിറിയ കടപ്പുറത്ത് 128 ലക്ഷം രൂപ ചിലവിൽ ചെ.16/700 കി.മി. മുതൽ 17/000 കി.മി. വരെ 300 മീ. നീളത്തിൽ നിലവിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവർത്തി

| | | | |
|---|---|---|---|
| | | | കൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കടൽഭിത്തി നിർമ്മാണത്തിന്റെ പ്രോപ്പോസലുകൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ? | (ബി) | 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള മേൽ പരാമർശിച്ചിരിക്കുന്ന രണ്ട് പ്രവർത്തികളുടെ ടെണ്ടർ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ